**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- ആലുവ ജില്ലാ ആശുപത്രിയിലേയും ഇടുക്കി ജില്ലാ ആശുപത്രിയിലേയും ജൂനിയർ കൺസൾട്ടന്റ് (ഫോറൻസിക് മെഡിസിൻ) തസ്തികയിലെ നിയമനം ക്രമപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. ഉത്തരവ് നം.ഇ.എ1-39466/2011/ആ.വ.ഡ തീയതി 30.09.2011
2. ഉത്തരവ് നം.ഇ.എ1-60224/2015/ആ.വ.ഡ തീയതി 12.10.2015
3. സഉ(കൈ)നം. 136/2017/ആ.കു.വ തീയതി 23.09.2017

**ഉത്തരവ് നം. ഇ.എ1- 2861(1)/2017/ആ.വ.ഡ തീയതി 05.10.2017**

പരാമർശം (1) (2) പ്രകാരം യഥാക്രമം ഡോ. ബിജു ജെയിംസിനെ ആലുവ ജില്ലാ ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റ് (ഫോറൻസിക് മെഡിസിൻ) തസ്തികയിലേയ്ക്കും ഡോ. ബീന.കെ യെ ഇടുക്കി ജില്ലാ ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റ് (ഫോറൻസിക് മെഡിസിൻ) തസ്തികയിലേക്കും നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആലുവ ജില്ലാ ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റ് (ഫോറൻസിക് മെഡിസിൻ) തസ്തിക, ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) തസ്തികയായി മാറ്റി മലപ്പുറം താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്കും ഇടുക്കി ജില്ലാ ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റ് (ഫോറൻസിക് മെഡിസിൻ) തസ്തിക, ജൂനിയർ കൺസൾട്ടന്റ് (ഇ.എൻ.ടി) തസ്തികയായി മാറ്റി കോഴിക്കോട് ജനറൽ ആശുപത്രിയിലേയ്ക്കും സഉ (കൈ) നം.601/2010 ആ.കു.വ തീയതി 13.09.2010 ലെ ഉത്തരവ് പ്രകാരം സ്ഥാനമാറ്റം ചെയ്തിരുന്നെങ്കിലും, ഡോ. ബിജു ജെയിംസിനെയും ഡോ. ബീന.കെ യെയും ടി സ്ഥാപനത്തിലേക്ക് തെറ്റായി നിയമിക്കുകയായിരുന്നു.

എന്നാൽ പരാമർശം (3) പ്രകാരം എറണാകുളം ജനറൽ ആശുപത്രിയിലും ഇടുക്കി ജില്ലാശുപത്രിയിലും ജൂനിയർ കൺസൾട്ടന്റ് (ഫോറൻസിക് മെഡിസിൻ) ഓരോ തസ്തിക വീതം പുതിയതായി സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടിവിച്ചിട്ടുണ്ട്.

ആയതിനാൽ ഡോ. ബിജു ജെയിംസിനെ ആലുവ ജില്ലാ ആശുപത്രിയിൽ നിന്നും എറണാകുളം ജനറൽ ആശുപത്രിയിലേക്ക് സ്ഥലംമാറ്റിയും ഡോ. ബീന.കെ യെ ഇടുക്കി ജില്ലാ ആശുപത്രിയിൽ പുതിയതായി സൃഷ്ടിച്ച ജൂനിയർ

0358964

കൺസൾട്ടന്റ് (ഫോറൻസിക് മെഡിസിൻ) തസ്തികയിൽ നിലനിർത്തിയും യഥാക്രമം പരാമർശം (1) (2) ലെ ഉത്തരവുകൾ പ്രകാരമുള്ള നിയമനം ക്രമപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഡോ. ബിജു ജെയിംസും ഡോ. ബീന.കെയും ജോലിയിൽ പ്രവേശിച്ച് ആർ.ടി.സി കൃത്യമായും അയച്ചു തരേണ്ടതുമാണ്. മെഡിക്കൽ ആഫീസറും സ്ഥാപന മേധാവികളും ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

**ഒപ്പ്**
**ഡോ. സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

ബന്ധപ്പെട്ട ജീവനക്കാരൻ

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
2. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസറൻമാർ
3. ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടുമാർ
4. ഫയൽ/ കരുതൽ ഫയൽ

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**